# പള്ളിക്കൂദാശക്കാലം
## വചന വിചിന്തനം
### പള്ളികൂദാശക്കാലം : നാലാം ഞായർ
### മത്താ 22,41–23,22

"ആരാണ് വലിയവനെന്നും, ഒന്നാമനെന്നും തെളിയിക്കാൻ ഇന്നും മത്സരിക്കുന്നവർക്ക് സെഹിയോൻ ഊട്ടുശാലയിൽ കാലുകളോളം താഴുകയും അപ്പത്തോളം ചെറുതാവുകയും ചെയ്ത ക്രിസ്തുവല്ലാതെ മറ്റൊരു മാതൃകയില്ല!"

"അവർ പറയുന്നതെല്ലാം അനുസരിക്കുവിൻ. എന്നാൽ, അവരുടെ പ്രവൃത്തികൾ അനുകരിക്കരുത്." വാക്കും പ്രവർത്തിയും തമ്മിലുള്ള യോജിപ്പ് ക്രിസ്തീയതയുടെ അടിസ്ഥാനമാണ്!

ക്രിസ്തു രാജാവാണ്. പടയോട്ടങ്ങളും അധിനവേശങ്ങളും രക്ത ചൊരിച്ചിലുകളുമില്ലാതെ സ്നേഹം കൊണ്ട് ലോകത്തെ വെട്ടിപിടിച്ച് കൽപ്പാന്തകാലത്തോളം മനുഷ്യമനസുകളിൽ സ്ഥിരപ്രതിഷ്ഠനേടിയ വലിയ രാജാവ്. ക്രിസ്തു തന്റെ രാജ്യത്വത്തിലേയ്ക്ക് എങ്ങനെ വളർന്നു എന്നത് ഉപദേശരൂപേണ തന്റെ ശിഷ്യൻമാർക്ക് പറഞ്ഞ് കൊടുക്കുന്നു.

"യേശു ജനക്കൂട്ടത്തോടും തൻെറ ശിഷ്യൻമാരോടും അരുളിച്ചെയ്തു: നിയമജ്ഞരും ഫരിസേയരും മോശയുടെ സിംഹാസനത്തിൽ ഇരിക്കുന്നു. അതിനാൽ, അവർ നിങ്ങളോടു പറയുന്നതെല്ലാം അനുസരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുവിൻ. എന്നാൽ, അവരുടെ പ്രവൃത്തികൾ നിങ്ങൾ അനുകരിക്കരുത്. അവർ പറയുന്നു; പ്രവർത്തിക്കുന്നില്ല.... നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും" (മത്താ 23,1-12).

ക്രിസ്തു പറയുന്നതിന്റെ സംക്ഷിതം ഇതാണ്. ഫരിസേയരും നിയമജ്ഞരും പറയുന്നത് നിങ്ങൾ അനുസരിക്കണം. കാരണം, അവർ മോശയുടെ സിംഹാസനങ്ങളിൽ ഇരിക്കുകയും, അവർ പഠിപ്പിക്കുകയും ചെയ്യുന്നത് നന്മ മാത്രമാണ്. പക്ഷെ, അവരുടെ പ്രവർത്തികളെ നിങ്ങൾ അനുകരിക്കുരുത്. കാരണം, അവരുടെ വാക്കുകളും പ്രവർത്തികളും തമ്മിൽ ബന്ധമില്ല... പൊരുത്തമില്ല... അതുകൊണ്ട്, നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. കാരണം, തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും. തുടർന്ന്, ക്രിസ്തു നിയമജ്ഞരോടും ഫരിസേയരോടുമായി പറയുന്നു, "കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ മനുഷ്യരുടെ മുമ്പിൽ സ്വർഗരാജ്യം അടച്ചുകളയുന്നു" (മത്താ 23,13). ചുരുക്കത്തിൽ, കർത്താവ് ഫരിസേയരെയും നിയമജ്ഞരെയും കുറ്റപ്പെടുത്തുന്നു എന്നതിനേക്കാൾ ഉപരിയായി, ഫരിസേയരുടെയും നിയമജ്ഞരുടെയും കാപട്യത്തെ ശക്തമായി വിമർശിക്കുന്നു! ഒരുപക്ഷെ, വചനഭാഗങ്ങളിലൂടെ യാത്ര ചെയ്യുമ്പോൾ ക്രിസ്തു ഏറ്റവും അധികം വെറുക്കുന്ന തിൻമയും "കാപട്യം" തന്നെയാണ്.

കഴിഞ്ഞ ദിവസം സ്ക്കൂൾ ആനിവേഴ്സിറിയിൽ പങ്കെടുത്തപ്പോൾ അഞ്ചാം ക്ലാസുക്കാരി കാപട്യത്തെ കുറിച്ച് പറഞ്ഞ ചെറുകഥ ഏറെ കൈയ്യടി സ്വന്തമാക്കി. കഥ ഇപ്രകാരമാണ്.

പണി നടന്ന് കൊണ്ടിരിക്കുന്ന ഒരു കെട്ടിടം. മുകളിൽ നിന്നും

സൂപ്പർവൈസർ താഴെ ജോലി ചെയ്ത് കൊണ്ടിരിക്കുന്ന പണിക്കാരനോട് എന്തോ പറയുവാൻ വേണ്ടി വിളിച്ചു. എന്നാൽ, തിരക്കിലും ബഹളത്തിലും പെട്ട പണിക്കാരന് അത് കേൾക്കാൻ സാധിച്ചില്ല. വിളിച്ച് മതിയായപ്പോൾ സൂപ്പർവൈസർക്ക് ഒരാശയം തോന്നി. അടുത്ത് അതാ ഒരു ചെറിയകല്ല്. അതെടുത്ത് എറിഞ്ഞ് നോക്കിയാലോ?

വേണ്ട... അയാൾക്ക് വേദനിച്ചാലോ!

വേറൊരു പണിചെയ്യാം. ഉടനെ അദ്ദേഹം പോക്കറ്റിൽ നിന്നും ഒരു അൻപത് രൂപയുടെ നോട്ടെടുത്ത് താഴേക്ക് ഇട്ടു. പണിക്കാരൻ മുകളിലേക്ക് നോക്കും എന്ന പ്രതീക്ഷയിൽ... രൂപ നേരെ താഴെ വന്ന് അയ്യാളുടെ മുമ്പിൽ വീണു. അൻപത് രൂപ കണ്ട പണിക്കാരൻ ചുറ്റും ഒന്ന് നോക്കി ആരും കാണുന്നില്ലെന്ന് ഉറപ്പ് വരുത്തിയ ശേഷം അതെടുത്ത് പോക്കറ്റിലിട്ടു. ഇത് കണ്ട സൂപ്പർവൈസർ ഞെട്ടിപ്പോയി.

എന്നാൽ ശരി അഞ്ഞൂറ് രൂപ ഇട്ട് നോക്കാം. അഞ്ഞൂറ് രൂപ താഴെ വീഴുന്നത് കണ്ടാൽ എന്തായാലും മുകളിലേക്ക് നോക്കാതിരിക്കില്ല. അങ്ങനെ അദ്ദേഹം അഞ്ഞൂറ് രൂപാ താഴേക്കിട്ടു. എന്നാൽ, സൂപ്പർവൈസർക്ക് വീണ്ടും തെറ്റി. മുകളിലേക്ക് നോക്കിയില്ലെന്ന് മാത്രമല്ല. ആരെങ്കിലും കാണുന്നുണ്ടോ എന്നുപ്പോലും ചുറ്റും നോക്കാതെ അതെടുത്ത് പോക്കറ്റിലിട്ടു...

ഇത് കൊണ്ടൊന്നും ഒരു കാര്യവുമില്ലെന്ന് മനസിലാക്കിയ സൂപ്പർവൈസർ ആദ്യം കണ്ട കല്ലെടുത്ത് എറിയാൻ തീരുമാനിച്ചു. കല്ല് ശരീരത്തിൽ വീണതും പണിക്കാരൻ വേദനയോടെ മുകളിലേക്ക് നോക്കി. അതാ അവിടെ തന്റെ സൂപ്പർവൈസർ എന്തോ പറയുന്നു. അൻപത് രൂപയും അഞ്ഞൂറ് രൂപയും എവിടെ നിന്ന് വന്നു എന്ന് പണിക്കാരന് മനസിലായി.

ഏറ്റവും വലിയവൻ ശുശ്രൂഷകൻ ആയിരിക്കണം... തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും... എളിമയുടെ മനോഭാവങ്ങൾ ഉയർത്തപ്പെടുക തന്നെ ചെയ്യും!

ഇത് കഥ... ഇനി പറഞ്ഞ കഥാസാരമാണ് ചിന്തനീയം. ഈ പണിക്കാരന്റെ അവസ്ഥയാണ് നമ്മളിൽ പലർക്കും. ദൈവം നമ്മെ നേരായ പാതയിലേക്ക് നയിക്കാൻ പല രീതിയിൽ മാർഗ്ഗ ദർശനം നല്കി കൊണ്ടിരിക്കുന്നു. നമുക്ക് ധനമായും, സന്താനങ്ങളായും, വീടായും, കുടുംബമായും, നല്ല ആരോഗ്യമായും, പല അനുഗ്രഹങ്ങളായും ദൈവം ജീവിതത്തിലേയ്ക്ക് വന്നുകൊണ്ടേയിരിക്കുന്നു. എന്നാൽ നമ്മളോ.......???? തന്ന അനുഗ്രഹങ്ങൾക്ക് നന്ദി പോയിട്ട്, അത് തന്ന ദൈവത്തെ ഒന്ന് ഓർക്കാനോ, സ്തുതിക്കാനോ സമയമില്ലാതെ ഈ ലോകജീവിതത്തിൽ മുഴുകിയിരിക്കുന്നു.

അങ്ങനെയിരിക്കുമ്പോൾ ദൈവത്തിന്റെ ഒരു ചെറിയ പരീക്ഷണം. ഒരു രോഗമായോ, കടമായോ, കുടുംബപ്രശ്നങ്ങളായോ നമ്മെ വേദനിപ്പിക്കുമ്പോൾ നമ്മൾ മുകളിലേക്ക് കൈകളും കണ്ണുകളും ഉയർത്തുന്നു നമ്മുടെ നാഥനായ ദൈവത്തോട് പ്രാർത്ഥിക്കാൻ.... ഒരു വേദന വന്നിട്ട് വേണോ നമുക്ക് നമ്മുടെ ദൈവത്തെ ഓർക്കാൻ? അവിടുത്തോട് പ്രാർത്ഥിക്കാൻ? ഒരു വിഷമം വന്നിട്ട് വേണോ സർവ്വശക്തനായവനോട് ആവലാതികൾ പറയാൻ? അങ്ങനെയാണെങ്കിൽ നാം ദൈവത്തോട് തികഞ്ഞ അനീതിയാണ് ചെയ്യുന്നത്. ദൈവതിരുമുമ്പിൽ കാപട്യത്തോട് കൂടെയാണ് നിലയുറപ്പിക്കുന്നത്. ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി പറയാതെ ലഭിക്കാതെ പോയ അനുഗ്രഹങ്ങൾക്ക് ദൈവവുമായി വാക്ക്വാഗ്വ

ത്തിൽ ഏർപ്പെടുമ്പോൾ ഓർക്കുക, ദൈവം ഏറ്റവും അധികം വെറുക്കുന്ന തിന്മ 'കാപട്യം' തന്നെയാണ്!

ക്രിസ്തു പറയുന്നു; "നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. കാരണം, തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും" (മത്താ 23,11-12). "ഞാനൊരു വിക്കനാണ്" (പുറ 4,10) എന്ന് പറഞ്ഞ മോശയും, "മനാസ്സെയുടെ ഗോത്രത്തിൽ എൻെറ വംശം ഏറ്റവും ദുർബലമാണ്. എൻെറ കുടുംബത്തിൽ ഏറ്റവും നിസ്സാരനുമാണ് ഞാൻ" (ന്യായ 6,15) ഗിദയോനും, "ദൈവമായ കർത്താവേ, ഞാൻ കേവലം ബാലനാണ്; സംസാരിക്കാൻ എനിക്കു പാടവമില്ല" (ജെറ 1,6) എന്നു പറഞ്ഞ ജെറമിയായും, " ഞാൻ അശുദ്ധമായ അധരങ്ങളുള്ളവനും അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ വസിക്കുന്നവനുമാണ്" (ഏശയ്യ 6,5) എന്നു സമ്മതിച്ച ഏശയ്യായും, "കർത്താവേ, എന്നിൽ നിന്ന് അകന്നുപോകണമേ; ഞാൻ പാപിയാണ്" (ലൂക്കാ 5,8) എന്ന് നിലവിളിക്കുന്ന ശിമയോൻ പത്രോസും ജീവിതം കൊണ്ട് കാണിച്ച് തരുന്നത് "തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും" എന്നത് തന്നെയാണ്! തന്നെ തന്നെ സ്വയം താഴ്ത്തിയപ്പോൾ ദൈവം അവരെ സ്വർഗ്ഗത്തോളം ഉയർത്തി!

വി.പൗലോസ്ശ്ലീഹ ഫിലിപ്പിയായിലെ സഭയ്ക്കെഴുതിയ ലേഖനത്തിൽ ക്രൈസ്തവർക്കുണ്ടായിരിക്കേണ്ട ക്രിസ്തുവിന്റെ മനോഭാവത്തെ കുറിച്ച് പറയുന്നുണ്ട്, " "യേശുക്രിസ്തുവിനുായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ. ദൈവത്തിൻെറ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസൻെറ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണംവരെ - അതേ കുരിശുമരണം വരെ - അനുസരണമുള്ളവനായി തന്നെത്തന്നെതാഴ്ത്തി. ആകയാൽ, ദൈവം അവനെ അത്യധികം ഉയർത്തി!" (ഫിലി 2,5). അതേ, തന്നെത്തന്നെ താഴ്ത്തുന്നവനെ ദൈവം വാനോളം ഉയർത്തും.

**ക്രിസ്തു രാജാവാണ്; അവൻ രാജാവായത് സ്നേഹത്തിന്റെ ഭാഷയും സഹനത്തിന്റെ നീതിശാസ്ത്രവും സേവനത്തിന്റെ ശൈലിയും സ്വന്തമാക്കികൊണ്ടാണ്!**

" തന്നെത്തന്നെ പ്രശംസിക്കുന്നവനല്ല,
കർത്താവു പ്രശംസിക്കുന്നവനാണ് സ്വീകാര്യൻ."

2 കോറി 10,18

**ഫാ. ജോബി മേനോത്ത്**
+91 944 7777 931